## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

06.06.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 1008

## ക്ഷീര കർഷകർക്കുണ്ടാകുന്ന ആകസ്മിക നഷ്ടങ്ങൾക്കുള്ള ധനസഹായം

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി**

ക്ഷീര കർഷകർക്കുണ്ടാകുന്ന ആകസ്മിക നഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ.കെ രാജു**
**(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)**

ഗ്രാമീണ വിജ്ഞാനവ്യാപന ഉപദേശക പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടിജൻസിഫണ്ട് എന്ന പദ്ധതി ഘടകത്തിൽ 400 ക്ഷീരകർഷകർക്ക് ആകസ്മികമായ കാരണങ്ങളാൽ കറവപ്പശുക്കൾ ചത്തുപോകുകയോ, പാൽ ഉല്പാദനശേഷി പൂർണ്ണമായി നിന്നു പോകുകയോ, പ്രകൃതി ക്ഷോഭം മൂലമോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കാക്കി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 15,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

ക്ഷീരകർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെടുന്നത് മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസിഫണ്ടിൽ നിന്നും ധനസഹായം നൽകി വരുന്നു. വളർത്തു മൃഗങ്ങൾക്ക് പ്രകൃതി ക്ഷോഭംമൂലം ഉണ്ടാകുന്ന ജീവഹാനി, ആന്ത്രാക്സ്, പേവിഷബാധ, വന്യജീവി ആക്രമണം. അപകടങ്ങൾ, പക്ഷിപ്പനി, ആട് വസന്ത എന്നീ രോഗങ്ങൾക്കും മറ്റ് അത്യാഹിതങ്ങൾക്കും നഷ്ടപരിഹാരം നൽകി വരുന്നു. പശു, എരുമ എന്നിവയ്ക്ക് 16,400/- രൂപയും (പരമാവധി ഒന്ന്), കിടാരിക്ക്, 10,000/- (പരമാവധി രണ്ട് എണ്ണം) എന്ന തോതിൽ നഷ്ടപരിഹാരം നൽകി വരുന്നു. ഇൻഷ്വറൻസ് ധനസഹായം, റവന്യൂ വകുപ്പിൽ നിന്നുള്ള ധനസഹായം എന്നിവ ലഭിക്കാതെ വരുന്ന സാഹചര്യത്തിലാണ് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ധനസഹായം നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ